## 16/11/2018-ന് കാസർഗോഡ് വച്ച് നടന്ന ആരോഗ്യവകുപ്പ് സംസ്ഥാനതല

## ഓഡിറ്റ് മോണിട്ടറിംഗ് കമ്മിറ്റി (AMC) യുടെ മിനിട്ട്സ്

യോഗം ക്രമീകരിച്ച് നടത്തുന്നതിന് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയതനുസരിച്ച് കാഞ്ഞങ്ങാട് വച്ച് യോഗം 16/11/2018-ന് 10.15 മണിക്ക് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Name | Designation & Office |
|---|---|---|
| 1 | Dr. A.P.Dineshkumar | DMO (H) Kasargod |
| 2 | Bimal Lal.T.S | Senior Finance Officer DHS |
| 3 | Asok Kumar.C | Senior Superintendent DHS |
| 4 | Deepak .V | Senior Clerk-DHS Thiruvananthapuram |
| 5 | Ansar.A | Senior Clerk DHS Thiruvananthapuram |
| 6 | Sureshkumar | Senior Clerk -DHS Thiruvananthapuram |
| 7 | Amalnath V.S | Clerk- DHS Thiruvananthapuram |
| 8 | R. Shajan | Senior Clerk, DMO (H) Thiruvananthapuram |
| 9 | K.P.Satheeshkumar | Senior Superintendent DMO(H) Thiruvananthapuram |
| 10 | Mohamed Sageer.P.A | Junior Superintendent IAP (11) DHS |
| 11 | Raghu.V.C | Senior Clerk DMO (Kasargod) |
| 12 | Aneeshkumar.R.K | Clerk, DMO(H) Kasargod |
| 13 | Girish kumar.P | Senior Superintendent , DMO(H), Kasargode |
| 14 | Somarajan.N | Junior Superintendent DMO(H) Kasargode |
| 15 | Abdul Jabbar.R.H | Senior Superintendent (S) DMO(H) Thrissur |
| 16 | Raphel.P.M | Senior Superintendent (S) DMO(H) Idukki |
| 17 | EK Kanhanadan | Senior Superintendent (A) DMO(H) Wayanad |
| 18 | R. Jayanandhaboss | Senior Clerk (HG)[ DMO(H)Kollam |
| 19 | Girish kumar.K.R | Junior Superintendent, DHS Thiruvananthapuram |
| 20 | Sreekumar.R | Junior Superintendent IAPI, DHS, Thiruvananthapuram |
| 21 | Sunish kumar.K | Senior Clerk DMO(H), Pathanamthitta |
| 22 | Anilkumar.P.K | THQH Kottarakara |
| 23 | K.P. Sunilkumar.K | Senior Superintendent ( AODB) DMO(H) Kozhikode |
| 24 | Reshma. K | Senior Clerk DMO(H) Kozhikode |
| 25 | Rekha.S | Senior Superintendent (Audit) DMO(H) Alappuzha |
| 26 | T.R.Radhakrishnan | Senior Superintendent (Audit) DMO(H) Palakkad |
| 27 | Sridharan.K.E | Senior Clerk, DMO(H), Palakkad |
| 28 | John Philip.P | Senior Clerk, CHC Champur Thiruvananthapuram |
| 29 | V.S Salim | Senior Superintendent, DMO(H), Pathanamthitta |
| 30 | Yathishkumar.M | Lay Secretary & Treasury , DH Kasargode |
| 31 | Madhu Janardhanan | Senior Superintendent, DMO (H), Malappuram |
| 32 | Sherfudeen.K | Senior Clerk DMO (H) Malappuram |
| 33 | Nisar Ahmed M.P | Senior Superintendent, DMO(H), Kannur |
| 34 | Shyama Sundaran | Senior Clerk, DMO(H) , Kannur |

| | | |
|---|---|---|
| 35 | Bindu.S | Head Clerk, DMO(H) Ernakulam |
| 36 | Jayasree.K | Senior Clerk, DMO(H), Ernakulam |
| 37 | P.S.Ramesh Babu | SS (A), DMO Office, Kottayam |
| 38 | Sunil.K.Francis | Senior Clerk, DMO (H) Kottayam |
| 39 | Sasankan.C.T | Senior Clerk, DMO (H) Wayanad |
| 40 | Dhanya.P | |

സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. ബിമൽലാൽ. റ്റി.എസ് അദ്ധ്യക്ഷ്യം വഹിച്ചു. കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീ. മുരളീധരൻ സ്വാഗതം ആശംസിച്ചു.. ഈ ജില്ലയിൽ വച്ച് AMC നടത്തുന്നതിന് തീരുമാനമെടുത്ത കഴിഞ്ഞ AMC - ൽ പങ്കെടുത്തവരേയും യോഗ നടപടികളിൽ പങ്കെടുക്കാനെത്തിയവർക്കും നന്ദിപ്രകാശിപ്പിച്ചുകൊണ്ട് അദ്ദേഹം സ്വാഗതം ചെയ്യുന്നതായി അറിയിച്ചു.

അദ്ധ്യക്ഷ പ്രസംഗത്തിൽ സീനിയർ ഫിനാൻസ് ഓഫീസർ എടുത്ത് പറഞ്ഞ വസ്തുത ഒഴിഞ്ഞ മേഖലാ അവലോകനയോഗങ്ങളെ കുറിച്ചായിരുന്നു. മേഖലാ. അവലോകനയോഗങ്ങളിൽ ലേ സെക്രട്ടറിമാരെ പങ്കെടുപ്പിച്ചതിനാൽ മറുപടികൾ തയ്യാറാക്കുന്നതിനും തടസ്സവാദങ്ങൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിലായതായും സ്ഥാപനമേധാവികളുടെയും. ലേ സെക്രട്ടറിമാരുടെയും ആത്മവിശ്വാസം വർദ്ധിച്ചതായും കാണാൻ കഴിയുന്നതായും അഭിപ്രായപ്പെട്ടു. കൂടുതൽ മെച്ചമായ രീതിയിൽ ആശയ വിനിമയം നടക്കുന്നതായും ലഭിക്കുന്ന മറുപടികളുടെ എണ്ണം വളരെ കൂടിയിട്ടുള്ളതായും അറിയിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസുകളുമായി ബന്ധപ്പെട്ട് നടത്തുന്ന ഇടപെടലുകൾ പോലെ ജില്ലകൾക്കകത്തുള്ള സി.എച്ച്.സി. പി.എച്ച്.സി കളിൽ ഡി.എം.ഒ തലത്തിൽ ഓഡിറ്റിന് പ്രത്യേക പരിഗണന നൽകണമെന്നും ഡി.എച്ച്.എസ് ലവൽ ആഡിറ്റ് അദാലത്ത് ഡിസംബറിൽ ആരംഭിക്കണമെന്നും അദ്ദേഹം നിർദ്ദേശം നൽകി.

യോഗനടപടികൾ ഉത്ഘാടനം ചെയ്ത് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറായ ഡോ. എ.പി. ദിനേഷ്കുമാർ കാസർഗോഡ് ജില്ലയിൽ വച്ച് നടത്തപ്പെടുന്ന ആദ്യത്തെ AMC ആണെന്നും ഇത് വകുപ്പ് ഈ ജില്ലക്ക് നൽകുന്ന അംഗീകാരമാണെന്നും ആയതിന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ മുതലായ പേർക്ക് നന്ദി അറിയിക്കുന്നതായും മുൻകാലങ്ങളെ അപേക്ഷിച്ച് സർക്കാരും വകുപ്പും ജില്ലക്ക് നൽകുന്ന പ്രാധാന്യം എടുത്ത് പറയേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. സപ്തഭാഷകൾ കൈകാര്യം ചെയ്യുന്ന ജില്ലയിൽ ആർദ്രം പദ്ധതിയിൽ സംസ്ഥാനത്താകെ സൃഷ്ടിക്കപ്പെട്ട 648-ൽ 76 തസ്തികകളും ഈ ജില്ലക്ക് നൽകിയത് സർക്കാരിന്റെയും വകുപ്പിന്റെയും പരിഗണനയുടെ ഉദാഹരണമാണ്. ഓഡിറ്റ് ശക്തമാകണം. ആശുപത്രികളുമായി ബന്ധപ്പെട്ട ആവശ്യങ്ങളുടെ അനിവാര്യത കൂടെ പരിഗണിച്ചുവേണം ഓഡിറ്റ് നടത്തേണ്ടത്. അഡ്-ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുമ്പോൾ എച്ച്.ആർ.എ ഒഴികെ ആനുകൂല്യങ്ങൾ നൽകാം എന്ന ഡി.എച്ച്.എസ് ന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ്

ജനറൽ നിരാകരിക്കുകയും ദിവസവേതന വ്യവസ്ഥയിൽ നിയമിക്കുന്നവർക്ക് നൽകേണ്ട ആനുകൂല്യങ്ങൾക്ക് മാത്രമേ അവർ അർഹരായിട്ടുള്ളൂ എന്നറിയിക്കുകയും ചെയ്ത് വൻതുക ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ബഹു. ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ തീരുമാനം പ്രതീക്ഷിക്കുന്നതായും അഭിപ്രായം സർക്കാർ ആരായുന്ന സമയത്ത് അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചു. ഓരോ ജില്ലയിലെയും വ്യത്യസ്തമായ വിഷയങ്ങൾ പ്രത്യേകം ചർച്ച ചെയ്യണമെന്ന നിർദ്ദേശത്തോടെ യോഗനടപടികൾ ഉദ്ഘാടനം ചെയ്യുന്നതായി ഡോ. എ.പി.ദിനേഷ്കുമാർ അറിയിച്ചു.

കഴിഞ്ഞ AMC യോഗതീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികളെ സംബന്ധിച്ച റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ടായ ശ്രീ. അശോക് കുമാർ.സി അവതരിപ്പിച്ചു. ഓരോ AMC കഴിയുംതോറും ഗുണകരമായ ഫലം കാണുന്നു. 20/04/2018-ലെ സർക്കാർ പരിപത്രം നം.33/2018 അനുസരിച്ചുള്ള എല്ലാ കാര്യങ്ങളും ചെയ്യേണ്ടതാണ്. ലേസെക്രട്ടറി & ട്രഷറർമാരെ ഉൾപ്പെടുത്തി നടത്തിയ രണ്ട് മേഖലാ അവലോകനയോഗങ്ങളും പ്രയോജനകരമായിരുന്നു. യോഗങ്ങളിൽ 100% ഹാജർ ആവശ്യമാണ്. 33/2018 നമ്പർ സർക്കാർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ താഴെ പരാമർശിക്കുന്ന കാര്യങ്ങൾ നിർബന്ധമായും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു.

- അക്കൗണ്ടന്റ് ജനറലിന്റെയും ഡി.എച്ച്.എസ്-ന്റെയും മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ തീർപ്പാക്കാനുള്ളവയെ കുറിച്ചുള്ള വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.
- ജില്ലകളിൽ നിയോഗിക്കപ്പെടുന്ന ഓഡിറ്റ് സംഘാംഗങ്ങളായ ഉദ്യോഗസ്ഥർ വകുപ്പുതല പരീക്ഷ ജയിച്ചവരും അച്ചടക്കനടപടികൾക്ക് വിധേയമാകാത്തവരും ആയിരിക്കണം.
- Drawing and Disbursing Officers ( DDOs)- നെ ഓഡിറ്റ് സംബന്ധമായ ചുമതലകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
- 2017 -2018 വരെയുള്ള ഓഡിറ്റ് ഫയലുകൾ 31/12/2019 -ന് മുമ്പ് തീർപ്പാക്കാൻ ശ്രദ്ധിക്കണം.
- അടുത്ത പരിശോധനയ്ക്ക് വിധേയമായി തീർപ്പാക്കുന്ന തടസ്സവാദങ്ങൾ അടുത്ത ഓഡിറ്റ് സമയത്ത് പരിശോധനയ്ക്ക് സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും ആയത് ഓഡിറ്റ് സംഘം പ്രത്യേകം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.
- ധനകാര്യ വർഷം അനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കണം. ( ഇതിലുള്ള പ്രായോഗിക ബുദ്ധിമുട്ട് യോഗത്തിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടുകയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.)
- മേൽ നോട്ടം നിർവ്വഹിക്കുന്നതിന് വീഴ്ചവരുന്ന (Supervisory Lapse) ഉദ്യോഗസ്ഥരുടെ മേൽ അച്ചടക്ക നടപടിയെടുക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

5158222 GOVERNMENT OF KERALA 2017-18

- ഏറ്റവും കൂടുതൽ ഓഡിറ്റ് ഫയലുകൾ നിലവിലുള്ള സ്ഥാപനങ്ങളിൽ പ്രത്യേക പരിഗണന നൽകി തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ജില്ലയിലെ ഓഡിറ്റ് സൂപ്രണ്ടുമാർ ശ്രദ്ധിക്കണം.
- എറണാകുളം ജില്ലയിലെ നിലവിലുള്ള ഓഡിറ്റ് ഫയലുകളിലുള്ള അദാലത്ത് നടപടികൾ മാതൃകയാക്കേണ്ടതും അതിന് അവർക്ക് അർഷിക്കുന്ന അനുമോദനം നൽകുന്നു. ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിലെ മാത്രം 8 ഫയലുകളിൽ 5 എണ്ണവും തീർപ്പാക്കാൻ കഴിഞ്ഞതിന് ആശുപത്രിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ജില്ലാ ഓഫീസിനെയും അഭിനന്ദിക്കുന്നു.
- കാസർഗോഡ് ജില്ലയിൽ ഡി.എച്ച്.എസ്-ന്റെ ഓഡിറ്റ് ഫയലുകൾ എല്ലാം തീർപ്പാക്കിയതിന് ജില്ലാ ഓഫീസിനെയും ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുന്നു.
- മുൻ വർഷത്തെ ആഭ്യന്തര പരിശോധന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടും സ്റ്റോർ പർച്ചേഴ്സ് റൂൾ പാലിക്കാതെ പർച്ചേഴ്സ് നടത്തിയതിന് നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും വ്യക്തമായ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

തുടർന്ന് ഓരോ ജില്ലകളിലെയും സീനിയർ സൂപ്രണ്ടുമാർ അതാത് ജില്ലകളിലെ ഓഡിറ്റ് ഫയലുകളെ സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിനിടെ അവതരിപ്പിക്കപ്പെട്ട പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം:-</u>** <u>ചെറിയതുകകൾ ബാധ്യതകളായി നിലനിൽക്കുന്ന ഫയലുകളിൽ പ്രസ്തുത തുകകൾ ഒഴിവാക്കി തീർപ്പാക്കുന്നതിന് ഡി.എച്ച്.എസ്-ൽ നിന്നും അനുമതി നൽകണം.</u> ബാധ്യതാസർട്ടിഫിക്കറ്റ് നൽകിയവ ഒഴിവാക്കാവുന്നതാണെന്ന് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു. വെളിനെല്ലൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നടത്തിയ പ്രത്യേക ഓഡിറ്റിന് രേഖകൾ എല്ലാം ലഭിക്കാത്തതിനാലും ലഭിച്ചരേഖകൾ പരിശോധിച്ചതിൽ നിന്നും എച്ച്.എം.സി മാത്രം പരിശോധിച്ചാൽ പോരഎന്ന നിഗമനത്താൽ പ്രസ്തുത സ്ഥാപനത്തിലെ എല്ലാ ധനകാര്യ ഇടപാടുകളും പരിശോധിക്കുന്നതിന് ഓഡിറ്റ് സംഘത്തെ നിയോഗിക്കാൻ തീരുമാനമായതായും സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

**<u>ജില്ലാ മെഡിക്കൽ ഓഫീസ്, കോട്ടയം:-</u>** <u>എ.ജിയുടെ ഓഡിറ്റിന് തൃശ്ശൂർ എ.ജി-ക്ക് അയച്ചുകൊടുത്ത മറുപടികൾക്ക് remarks ലഭിക്കുന്നില്ല.</u> തൃശ്ശൂർ എ.ജിയുടെ ഓഫീസ് പ്രവർത്തനം നിർത്തിയതായും തിരുവനന്തപുരം ഓഫീസിലേക്ക് മാറ്റിയതായും ഈ വിഷയം എ.ജിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്നും സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

**ജില്ലാ മെഡിക്കൽ ഓഫീസ്, എറണാകുളം:-** എഫ്.ഡബ്ല്യു. ഓഡിറ്റിന് രണ്ടുവർഷം മുമ്പ് നൽകിയ മറുപടികൾക്ക് പോലും ഡി.എച്ച്.എസ്-ൽ നിന്നും remarks കിട്ടിയിട്ടില്ല. എ.ജിയുടെ Consolidated Audit Report - ന് മറുപടി തയ്യാറാക്കാൻ ബുദ്ധിമുട്ടാണ്. 70-ൽ അധികം സ്ഥാപനങ്ങൾ എല്ലാം ചേർന്നുള്ള റിപ്പോർട്ടിൽ സ്ഥാപനങ്ങളെ സംബന്ധിച്ച ക്രമമായല്ല പ്രതിപാദിച്ചിരിക്കുന്നതെന്നും ഈ കാര്യത്തില ഡി.എച്ച്.എസ്-ൽ നിന്നും എ.ജിയുടെ ഒ.ഫീസുമായി ബന്ധപ്പെട്ട് തീരുമാനം ഉണ്ടാക്കണമെന്നും ആവശ്യപ്പെട്ടു. എ.ജിയ്ക്ക് ഡി.എച്ച്.എസ്-ന്റെ ഡി.ഒ ലെറ്റർ വഴി കാര്യങ്ങൾ അറിയിക്കാമെന്നും താലൂക്ക് ആശുപത്രി മുതൽ മുകളിലേക്കുള്ളവ ഡി.എച്ച്.എസ് വഴിയും മറ്റുള്ളവ ഡി.എം.ഒ വഴിയും മറുപടികൾ എ.ജിയ്ക്ക് നൽകാൻ അനുമതിക്കായി പ്രസ്തുത കത്തിൽ ആവശ്യപ്പെടുമെന്നും അറിയിച്ചു.

**ജില്ലാ മെഡിക്കൽ ആഫീസ്, തൃശ്ശൂർ:-** മേഖലാ യോഗങ്ങൾക്ക് ശേഷം ലേസെക്രട്ടറി & ട്രഷറർമാർ കൂടുതൽ ജാഗ്രത കാട്ടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളിൽനിന്നും മരം മുറിച്ചുമാറ്റുന്ന തുകകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കണമെന്ന് പലേടത്തും ആവശ്യപ്പെടുന്നു. അടയ്ക്കാൻ തയ്യാറാകാത്തതിനാൽ പ്രശ്നങ്ങൾ നിലവിലുണ്ട്. പ്രസ്തുത തുകകൾ സർക്കാരിലേക്ക് അടയ്ക്കേണ്ടതാണെന്നും ഭരണപരമായ ചുമതലകൾ മാത്രമേ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളൂ എന്നും സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

**ജില്ലാ മെഡിക്കൽ ആഫീസ്, പാലക്കാട്:-** രണ്ട് മാസത്തിൽ ഒരിക്കൽ ലേ സെക്രട്ടറി & ട്രഷറർമാരെ അവരവരുടെ താലൂക്കുകളിൽ വരുന്ന പി.എച്ച്.സി/സി.എച്ച്.സികളിൽ ഓഡിറ്റിന് നിയോഗിക്കുന്ന കാര്യം ആലോചിക്കണം. ലേ സെക്രട്ടറി & ട്രഷറർമാർക്ക് ഭാരിച്ച ഉത്തരവാദിത്വം നിലവിലുള്ളതിനാലും ഡി.ഡി.ഒമാർ ആയതിനാൽ ഓഡിറ്റിന് നിയോഗിക്കാൻ നിലവിലെ നിയമപ്രകാരം ബുദ്ധിമുട്ടുള്ളതായും സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു. 01/10/1994-ന് മുമ്പുള്ള provisional service കണക്കാക്കുന്നതിൽ പലജില്ലകളിലും പലരീതിയിൽ തീരുമാനം എടുക്കുന്നു എന്ന അഭിപ്രായത്തിൽ ജില്ലകളിൽ നിന്നും ആവശ്യം ഉന്നയിക്കുന്നത് പ്രകാരം ഡി.എച്ച്.എസ്-ൽ നിന്നും സ്പഷ്ടീകരണം നൽകുന്നതാണെന്ന് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

**ജില്ലാ മെഡിക്കൽ ആഫീസ്, കോട്ടയം:-** ജില്ലാ ഓഫീസ് തലത്തിലും ഡി.എച്ച്.എസ് തലത്തിലും Surprise inspection ഇടയ്ക്കിടെ നടന്നിരുന്നു. ഇപ്പോൾ ആകസ്മിക പരിശോധനകൾ നടക്കുന്നതായി കാണുന്നില്ല. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സീനിയർ ഫിനാൻസ് ഓഫീസർ ആകസ്മിക പരിശോധനകൾ അടുത്തിടെ നടത്തിയിരുന്നതായും ഇനിയും സീനിയർ ഫിനാൻസ് ഓഫീസറുടെ പരിശോധനകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമെന്നും സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു. ജില്ലാ ഓഫീസുകളിൽ നിന്നും കീഴ്സ്ഥാപനങ്ങളിൽ ഇത്തരം പരിശോധനകൾ നടത്തേണ്ടതാണെന്ന നിർദ്ദേശവും സീനിയർ ഫിനാൻസ് ഓഫീസർ നൽകി.

ആർ.സി.എച്ച് ഓഫീസർമാർ മുതലായവർ ആകസ്മിക പരിശോധന നടത്തുമ്പോൾ ക്യാഷ് ബുക്കുകൾ പരിശോധിക്കുന്നതായും ക്യാഷ് ബുക്കുകൾ എഴുതുന്നതിന് നിയമപരമല്ലാത്ത നിർദ്ദേശങ്ങൾ നൽകുന്നതായും പൊതുവായ അഭിപ്രായം ഉയർന്നുവരുന്നു. ഈ വിഷയത്തിൽ പലപ്പോഴും മിനിസ്റ്റിരിയൽ ജീവനക്കാരുമായി തർക്കം ഉണ്ടാകാറുണ്ട്. ക്യാഷ് ബുക്ക് എഴുതുന്നതിന് സർക്കാർ ഉത്തരവും ഡി.എച്ച്.സിന്റെ നിലവിലുളള സർക്കുലറും അനുസരിച്ച് മാത്രമേ പാടുളളൂ എന്നും അതിന് വിപരീതമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന പക്ഷം പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ സഹിതം ബോധ്യപ്പെടുത്തണമെന്നും സീനിയർ ഫിനാൻസ് ഓഫീസർ നിർദ്ദേശിച്ചു. ജില്ലാ മേധാവിയും ധനകാര്യ വിഭാഗവുമാണ് ക്യാഷ് ബുക്ക് സംബന്ധിച്ച കാര്യങ്ങളിൽ പരിശോധന നടത്തി നിർദ്ദേശം നൽകേണ്ടത് എന്നതിനാൽ സർക്കാർ നിർദ്ദേശത്തിന് വിധേയമായി മാത്രമേ ക്യാഷ് ബുക്കുകൾ കൈകാര്യം ചെയ്യാവൂ എന്നകാര്യം സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

**ജില്ലാ മെഡിക്കൽ ഓഫീസ്, കോഴിക്കോട്:-** താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പല സാമ്പത്തിക പ്രശ്നങ്ങളും നിലവിലുളളതായി അറിയുന്നു. ഒരു special Audit നടത്തി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ ഈ വിഷയത്തിൽ തീരുമാനമുണ്ടാകണം. ഉടൻതന്നെ special Audit നടത്താൻ നടപടികൈക്കൊളളാമെന്ന് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

**ജില്ലാ മെഡിക്കൽ ഓഫീസ്, വയനാട്:-** സ്ഥാപനങ്ങളിൽ ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ പ്രശ്നങ്ങൾ ഉണ്ട്. സ്ഥാപന അടിസ്ഥാനത്തിൽ എടുക്കാൻ പ്രായോഗിക ബുദ്ധിമുട്ടുളളതിനാൽ ജില്ലാ മെഡിക്കൽ ഓഫീസിൽ ഒരു ജില്ലക്ക് ഒരു ജി.എസ്.റ്റി നമ്പർ എന്ന രീതിയിൽ എടുത്ത് ഉപസ്ഥാപനങ്ങൾ ആ അക്കൗണ്ടിൽ തുക അടയ്ക്കുന്നതാണ് ഉത്തമം. ഇതിൻമേൽ ഡി.എച്ച്.എസ് തലത്തിൽ നടപടി സ്വീകരിച്ച് നിർദ്ദേശം നൽകാമെന്ന് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

**ജില്ലാ മെഡിക്കൽ ഓഫീസ്, കണ്ണൂർ:-** പല ഇ.എം.ഡി തുകകൾക്കുളള ഡി.ഡികളും ഫയലുകളിൽ കിടക്കുന്നു. ലേലം ഉറപ്പിക്കാത്തവ തിരികെ കൊടുക്കണമെന്നും ലേലം കൊണ്ടയാൾക്ക് നൽകാനുളളത് ഗവ. അക്കൗണ്ടിൽ അടയ്ക്കണമെന്നും, ആവശ്യമുളളത് 'Revalidate' ചെയ്ത് അടയ്ക്കാൻ നടപടി സ്വീകരിക്കാനും സീനിയർ ഫിനാൻസ് ഓഫീസർ നിർദ്ദേശിച്ചു.

**ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം:-** ഒഎം പരിശോധനയ്ക്കിടെ ലഭിച്ച നിർദ്ദേശം അനുസരിച്ച് തൻപതിവേടും (Personal Register) ഓഡിറ്റ് സംഘം പരിശോധിക്കണം എന്ന നിർദ്ദേശം ലഭിച്ചത് നടപ്പിലാക്കാൻ സ്പഷ്ടീകരണം നൽകണം. സർക്കാർ പരിപത്രം പ്രകാരം എല്ലാ പതിവേടുകളും ഓഡിറ്റ് സംഘം

5118221

പരിശോധിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട് എന്ന് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

**യോഗതീരുമാനങ്ങൾ**

1. ഡിസംബർ മാസം മുതൽ താഴെ പറയുന്ന ക്രമത്തിൽ ഓഡിറ്റ് ഫയല അദാലത്തുകൾ നടത്തുന്നതാണ്.

| ജില്ല | തീയതികൾ |
|---|---|
| എറണാകുളം | 10/12/2018, 11/12/2018 |
| കണ്ണൂർ | 13/12/2018, 14/12/2018 |
| ഇടുക്കി | 18/12/2018, 19/12/2018 |
| കോട്ടയം | 21/12/2018, 22/12/2018 |
| കാസർഗോഡ് | 26/12/2018 |
| പാലക്കാട് | 27/12/2018, 28/12/2018 |
| പത്തനംതിട്ട | 04/01/2019, 05/01/2019 |
| വയനാട് | 08/01/2019, 09/01/2019 |
| മലപ്പുറം | 10/01/2019, 11/01/2019 |
| കൊല്ലം | 14/01/2019, 15/01/2019 |
| തൃശ്ശൂർ | 18/01/2019, 19/01/2019 |
| ആലപ്പുഴ | 22/01/2019, 23/01/2019 |
| കോഴിക്കോട് | 29/01/2019, 30/01/2019 |
| തിരുവനന്തപുരം | 05/02/2019, 06/02/2019 |

2. ഡി.ഡിഒമാരെ ഓഡിറ്റ് സംബന്ധമായ ചുമതലകളിൽ നിന്നും ഒഴിവാക്കാൻ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ ശ്രദ്ധയിൽ പെടുത്താൻ തീരുമാനിച്ചു.
3. ധനകാര്യ വർഷം അനുസരിച്ച് ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കുന്നതിന് ഡി.എച്ച്.എസ് തലത്തിൽ കത്തിനൽകി പരിഹാരം തേടാൻ തീരുമാനിച്ചു.
4. തൃശ്ശൂരിൽ നിലവിലുണ്ടായിരുന്ന എ.ജി യുടെ ഓഫീസ് തിരുവനന്തപുരത്തേക്ക് മാറ്റിയതിനാൽ തൃശ്ശൂരിലേക്ക് അയച്ച മറുപടികളിൽ എ.ജിയുടെ നിർദ്ദേശം ലഭിക്കുന്നതിന് ഡി.എച്ച്.എസ്-ന്റെ കത്ത് നൽകുന്നതിന് തീരുമാനിച്ചു.

118238 GOVERNMENT OF KERALA 2017-18

5. എ.ജിയുടെ Consolidated Inspection Report കളിൽ താലൂക്ക് ആശുപത്രിതലം മുതലുള്ളവയ്ക്ക് ഡി.എച്ച്.എസ് വഴിയും താഴെയുള്ള സ്ഥാപനങ്ങൾക്ക് ഡി.എം.ഒ മുഖേനയും നേരിട്ട് മറുപടി നൽകുന്നതിന് അനുമതി ആരാഞ്ഞ്കൊണ്ട് എ.ജിക്ക് ഡി.എച്ച്.എസ്-ന്റെ കത്ത് നൽകാൻ തീരുമാനിച്ചു.
6. അടുത്ത എ.എം.സി യോഗ് 2019 ഫെബ്രുവരി മാസത്തിൽ മലപ്പുറം ജില്ലയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

യോഗത്തിന് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ. ഗിരീഷ്കുമാർ നന്ദി അറിയിച്ചു.

യോഗം 1.30 മണിക്ക് അവസാനിച്ചു.

Sr. FINANCE OFFICER
Directorate of Health Services
Thiruvanantnapuram.